● തീപിടിത്തത്തിൽ കത്തിനശിച്ച കിടങ്ങറ- പുളിങ്കുന്ന് റോഡിൽ വെളിയനാട് പഞ്ചായത്തിന് സമീപത്തെ ശ്രീനാരായണ ഇലക്ട്രിക് ആന്റ് സാനിറ്റേഴ്സ് കട.

ഇലക്ട്രിക് കട കത്തിനശിച്ചു

● ലക്ഷങ്ങളുടെ നഷ്ടം

എടത്വാ: കിടങ്ങറ ശ്രീനാരായണ ഇലക്ട്രിക് ആന്റ് സാനിറ്റേഴ്സ് കട കത്തിനശിച്ചു. ഉടമയ്ക്ക് ലക്ഷങ്ങളുടെ നഷ്ടം. കിടങ്ങറ- പുളിങ്കുന്ന് റോഡിൽ വെളിയനാട് പഞ്ചായത്തിന് സമീപം പ്രവർത്തിക്കുന്ന ശ്രീനാരായണ ഇലക്ട്രിക് ആന്റ് സാനിറ്റേഴ്സ് കടയാണ് പൂർണമായി കത്തിനശിച്ചത്. ഇന്നലെ രാത്രി 7.10 നാണ് സംഭവം. കടയിൽനിന്ന് പുക ഉയരുന്നതു ശ്രദ്ധയിൽപ്പെട്ട നാട്ടുകാർ ഉടമയേയും ഫയർഫോഴ്സിനേയും വിവരം അറിയിക്കുകയായിരുന്നു. തകഴി, ആലപ്പുഴ, ചങ്ങനാശേരി എന്നിവിടങ്ങളിൽ നിന്നെത്തിയ നാല് ഫയർ യൂണിറ്റുകൾ മണിക്കൂറുകൾ ശ്രമിച്ച ശേഷമാണ് തീ പൂർണമായി അണച്ചത്. ഇതിനോടകം കടയിലുണ്ടായിരുന്ന ഇലക്ട്രിക് സാധനങ്ങളും സാനിറ്ററിയേഴ്സ് ഉപകരണങ്ങളും പെയിന്റുകളും പൂർണമായി കത്തിനശിച്ചിരുന്നു. തീപടർന്നു പിടിച്ച കാരണം വ്യക്തമല്ല. ഷോർട്ട് സർക്യൂട്ടാകാമെന്നാണ് പ്രാഥമിക നിഗമനം. കൂടുതൽ അന്വേഷണങ്ങൾക്കു ശേഷം വ്യക്തമാക്കാമെന്ന് ഫയർ ഓഫീസേഴ്സ് അറിയിച്ചു.

ദുരന്തപ്രതിരോധം: ആലപ്പുഴയ്ക്ക് പ്രത്യേക പാക്കേജ് ഒരുങ്ങുന്നു

ആലപ്പുഴ: കാലവർഷക്കെടുതി ഉൾപ്പടെയുള്ള ദുരന്തസാഹചര്യങ്ങൾ കാര്യക്ഷമമായി പ്രതിരോധിക്കാൻ ജില്ലയ്ക്ക് പ്രത്യേക പാക്കേജ് അനുവദിക്കുന്നത് പരിഗണനയിലാണെന്ന് റവന്യൂ മന്ത്രി എ.പി അനിൽകുമാർ. റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താൻ കലക്ടറേറ്റിൽ ചേർന്ന അവലോകന യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു മന്ത്രി. പ്രളയസാഹചര്യം ഒഴിവാക്കാൻ ജലാശയങ്ങളിലെ മണ്ണ് നീക്കം ചെയ്ത് ആഴം കൂട്ടുമെന്ന് റവന്യൂ മന്ത്രി വ്യക്തമാക്കി. തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണം സാധ്യമാക്കും.

100 ദിനകർമ്മപരിപാടിയുടെ ഭാഗമായി പട്ടികജാതി-പട്ടികവർഗ തീരദേശ-മൽസ്യത്തൊഴിലാളി വിഭാഗങ്ങളിൽ അർഹരായ മുഴുവനാളുകൾക്കും പട്ടയം വിതരണം ചെയ്യും. ജില്ലയിൽ നിന്ന് ലഭിച്ച 419 പട്ടയ അപേക്ഷകളും പരിഗണിക്കും. റവന്യൂ ഓഫീസുകൾ കൂടുതൽ ജനസൗഹൃദമാകണമെന്നും മന്ത്രി നിർദേശിച്ചു. ഡിജിറ്റൽ സർവേ ഉൾപ്പടെയുള്ള പ്രവർത്തനങ്ങളുടെ വിപുലീകരണത്തിന് കൂടുതൽ സർവേയർമാരെ താൽക്കാലികമായി നിയമിക്കും. നിലവിൽ 16 വില്ലേജുകളിൽ ഡിജിറ്റൽ റീസർവേ പൂർത്തിയായി. 14 ഇടങ്ങളിൽ തുടരുന്നു.

● റവന്യൂവകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താൻ ആലപ്പുഴ കലക്ടറേറ്റിൽ ചേർന്ന അവലോകന യോഗത്തിൽ റവന്യൂമന്ത്രി എ.പി. അനിൽകുമാർ സംസാരിക്കുന്നു.

തരംമാറ്റാനുള്ള അപേക്ഷകൾ അതിവേഗം തീർപ്പാക്കും. 38 സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമാണം പൂർത്തിയായി. 14 ഇടങ്ങളിൽ നിർമാണം തുടരുന്നു. വീയപുരം, ചുനക്കര, മാന്നാർ എന്നിവിടങ്ങളിലെ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം, 6700 തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കൽ, 26 പട്ടയ വിതരണം, അനധികൃത കൈയേറ്റവുമായി ബന്ധപ്പെട്ട 60 കേസുകൾ, ഭൂനികുതിയിലൂടെ നാലുകോടി രൂപയുടെ സമാഹരണം എന്നിവ 100 ദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി നടപ്പാക്കും.

ജില്ലയിൽ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് 99.9 ശതമാനം ഭൂമി ഏറ്റെടുക്കൽ നടപടികളും പൂർത്തിയായതായി മന്ത്രി അറിയിച്ചു. അരൂർ-തുറവൂർ ഉയരപാത, തുറവൂർ-പറവൂർ-കൊറ്റുകുളങ്ങര-ഓച്ചിറ മേഖലകളിലെ നിർമാണം വേഗത്തിലാക്കൽ എന്നിവയ്ക്ക് നടപടി സ്വീകരിക്കും. തീരദേശ പാത, വികസന ജങ്ഷൻ-സൗത്ത് ചെല്ലാനം, ചെങ്ങന്നൂർ ബൈപാസ് എന്നിവയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തും. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സാമ്പത്തിക വർഷം 939 ഭവനനാശ കേസുകൾക്ക് ധനസഹായം നൽകി. ഈ വർഷം 406 അപേക്ഷകൾ ലഭിച്ചു.

ലാൻഡ് റവന്യൂ കമ്മിഷണർ എച്ച്. ദിനേശൻ, സർവേ-ലാൻഡ് റെക്കോർഡ്സ് വകുപ്പ് ഡയറക്ടർ ഡോ. ജെ.ഒ അരുൺ, ജില്ലാ കലക്ടർ ഷാജി വി നായർ, എ.ഡി.എം. സി.പ്രേംജി, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. തുടർന്ന് ജില്ലയിലെ വില്ലേജ് ഓഫീസർമാരുമായി റവന്യൂ മന്ത്രി ഓൺലൈൻ യോഗം നടത്തി.

വെള്ളപ്പൊക്കം: ദുരിതാശ്വാസ ഫണ്ട് വിതരണം ഉടൻ പൂർത്തായാകുമെന്ന് റവന്യൂ മന്ത്രി

ആലപ്പുഴ: ജില്ലയിലെ വെള്ളപ്പൊക്ക ദുരിതബാധിതർക്കുള്ള ദുരിതാശ്വാസ ഫണ്ട് വിതരണം ഉടൻ പൂർത്തായാകുമെന്ന് റവന്യൂ മന്ത്രി എ.പി. അനിൽകുമാർ. നെൽ കർഷകരുടെ സംഭരണത്തിന്റെ 17 കോടി രൂപയുടെ കുടിശികയിൽ 10 കോടി രൂപ മാത്രമാണ് ഇനി വിതരണം ചെയ്യാനുള്ളതെന്നും മന്ത്രി പറഞ്ഞു.

മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരുടെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി ഡി.സി.സി പ്രസിഡന്റ് അഡ്വ. ബി. ബാബുപ്രസാദ് നൽകിയ നിവേദനം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

വിളനാശം സംഭവിച്ച കർഷകർക്ക് നേരത്തെ നൽകിയിരുന്ന നഷ്ടപരിഹാര തുകയിൽ 25 ശതമാനം വർധന വരുത്തി വിതരണം ചെയ്യുമെന്നും മന്ത്രി അറിയിച്ചു.

കലക്ടറേറ്റിൽ അവലോകന യോഗത്തിൽ പങ്കെടുക്കാനെത്തിയ മന്ത്രി ഡി.സി.സി ഓഫീസും സന്ദർശിച്ചു. ഡി.സി.സി പ്രസിഡന്റ് അഡ്വ. ബി. ബാബുപ്രസാദ് മന്ത്രിയെ ഓഫീസിലേക്ക് സ്വീകരിച്ചു.

● ആലപ്പുഴ ഡി.സി.സിയിൽ എത്തിയ റവന്യൂമന്ത്രി എ.പി. അനിൽകുമാർ നേതാക്കളുമായി സംസാരിക്കുന്നു

എ.ഡി തോമസ് എം.എൽ.എ, കെ.പി.സി.സി രാഷ്ട്രീയകാര്യസമിതി അംഗം അഡ്വ. ജോൺസൺ എബ്രഹാം, വൈസ് പ്രസിഡന്റ് എ.എ. ഷുക്കൂർ, ജനറൽ സെക്രട്ടറി അഡ്വ. കെ.പി. ശ്രീകുമാർ, സെക്രട്ടറി എസ്. ശരത്, യൂത്ത് കോൺഗ്രസ് വർക്കിങ് പ്രസിഡന്റ് ബിനു ചുള്ളിയിൽ, ഡി.സി.സി ഭാരവാഹികളായ ബാബു ജോർജ്, അഡ്വ. പി.ജെ. മാത്യു, ജി. സഞ്ജീവ് ഭട്ട്, മുനിസിപ്പൽ ചെയർപേഴ്സൺ മോളി ജേക്കബ്, ജനറൽ സെക്രട്ടറി പ്രഭുകുമാർ, നൂറനാട് ഷാജി, കെ.എ. സാബു, നസീം ചെമ്പകപ്പള്ളി, എ. കബീർ, ബഷീർ കോയപ്പറമ്പൻ എന്നിവർ സംസാരിച്ചു.

സംസ്ഥാന മൗണ്ടൻ സൈക്ലിങ് ചാമ്പ്യൻഷിപ്പ് സെലക്ഷൻ ട്രയൽസ്

ചെങ്ങന്നൂർ: അഞ്ച്, ആറ് തീയതികളിൽ തിരുവനന്തപുരം വിളപ്പിൽശാലയിൽ നടക്കുന്ന സംസ്ഥാന മൗണ്ടൻ സൈക്ലിങ് ചാമ്പ്യൻഷിപ്പിനുള്ള ജില്ലാ ടീമിനെതെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ ട്രയൽസ് ആലപ്പുഴ, മുപ്പാലം ജംഗ്ഷനിൽ നാളെ രാവിലെ 6.30ന് നടത്തുന്നു.

മത്സരാർഥികൾ മേൽവിലാസം തെളിയിക്കുന്ന രേഖകൾ, ഫോട്ടോ ഉൾപ്പെടുന്ന തിരിച്ചറിയൽ കാർഡ്, എന്നിവയുടെ രണ്ട് പകർപ്പുകൾ, രണ്ടു പാസ്പോർട്ട് സൈസ് ഫോട്ടോകൾ, എന്നിവയുമായി എത്തിച്ചേരേണ്ടതാണ്. ഹെൽമെറ്റ് നിർബന്ധമാണ്. 94464 28205, 9388888971, 9061272560, 9447030193.

ബോർഡ്, കോർപറേഷനുകളിൽ പ്രാതിനിധ്യം വേണമെന്ന്

മാവേലിക്കര: കേരളത്തിലെ ബോർഡ്, കോർപറേഷനുകളിൽ പിന്നോക്ക സമുദായത്തിൽപ്പെട്ട വീരശൈവ സമുദായത്തിലെ അംഗങ്ങളെയും പരിഗണിക്കണമെന്ന് ആൾ ഇന്ത്യാ വീരശൈവ മഹാസഭ സംസ്ഥാന പ്രസിഡന്റ് അഡ്വ. ബിനു.കെ.ശങ്കർ ആവശ്യപ്പെട്ടു.

ദേവസ്വം ബോർഡ് പ്രസിഡന്റ് നിയമനവുമായി ബന്ധപ്പെട്ട് മുൻ സംസ്ഥാന പ്രസിഡന്റ് ടി.പി. കുഞ്ഞുമോന്റെ പേരിൽ കഴിഞ്ഞ ദിവസം മാധ്യമങ്ങളിൽ വന്ന പ്രസ്താവന ഓൾ ഇന്ത്യ വീരശൈവ മഹാസഭയുടെ ഔദ്യോഗിക നിലപാടല്ലെന്ന് സംസ്ഥാന കമ്മിറ്റി വ്യക്തമാക്കി.

ഈ പ്രസ്താവന നടത്തിയിട്ടുള്ള ടി.പി. കുഞ്ഞുമോനെ സഭാ വിരുദ്ധ പ്രവർത്തനം നടത്തിയതിന് മഹാസഭയിൽനിന്നും പുറത്താക്കുവാൻ കേന്ദ്ര കമ്മിറ്റിയ്ക്ക് ശുപാർശ ചെയ്തിട്ടുള്ളതും ഇദ്ദേഹം നടത്തിയിട്ടുള്ള പ്രസ്താവനയ്ക്ക് സഭയുമായി യാതൊരുബന്ധവുമില്ലായെന്നും ബിനു.കെ.ശങ്കർ അറിയിച്ചു.

SUNDARAM HOME
— Sundaram Finance Group —
Regd Office: No. 21, Patullos Road, Chennai - 600 002.
Corporate Office: Sundaram Towers, No. 46, Whites Road, Chennai - 600 014.
Branch Office: 2nd Floor, No 299 Centre Point, K.P. Road, (Near P.O.), Kayamkulam - 690 502.
Phone: 0479 - 2441147 / 57.

പൊസഷൻ നോട്ടീസ്
Issued Under Sec 13(4) read with Appendix IV and Rule 8(1) of Security Interest (Enforcement) Rules, 2002

2002 ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് സെക്ഷൻ 13 (2) പ്രകാരവും [illegible]

Sl. No.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
1	KYM20 240101	[illegible]	13-06-2026	Rs. 5,07,480/-	29-08-2026	Rs. 5,40,265/-
2	KYM20 240094	[illegible]	13-06-2026	Rs. 14,94,699/-	29-08-2026	Rs. 15,70,614/-

[illegible]

തീയതി : 29-08-2026
[illegible]

അവനവൻ കടമ്പ പുരസ്കാരം പ്രമോദ് വെളിയനാടിന്

കാവാലം: നാടകാചാര്യൻ കാവാലം നാരായണപ്പണിക്കരുടെ സ്മരണയ്ക്കായി കാവാലം സംസ്കൃതി ഏർപ്പെടുത്തിയ മികച്ച കലാകാരനുള്ള അഞ്ചാമത് അവനവൻ കടമ്പ പുരസ്കാരത്തിന് സിനിമാ-നാടക നടൻ പ്രമോദ് വെളിയനാട് അർഹനായി. അഭിനയരംഗത്തെ ശ്രദ്ധേയമായ സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം നൽകുന്നത്. ശിൽപ്പവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. സെപ്റ്റംബർ 27 ന് വൈകിട്ട് കാവാലം സൺ സ്കൂളിന് സമീപത്തെ കാവാലം നാരായണപ്പണിക്കർ അന്ത്യവിശ്രമം കൊള്ളുന്ന മണ്ണിൽ നടക്കുന്ന ചടങ്ങിൽ പ്രശസ്ത സിനിമാ സംവിധായകൻ ജോഷി മാത്യു പുരസ്കാരം സമ്മാനിക്കുമെന്ന് കാവാലം സംസ്കൃതി ജനറൽ സെക്രട്ടറി കാവാലം സജീവനും കാവാലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോജോ ആന്റണിയും അറിയിച്ചു. കാവാലം നാരായണപ്പണിക്കരുടെ നാടകസങ്കൽപ്പങ്ങളും കലാദർശനങ്ങളും പുതുതലമുറയിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി വിവിധ കലാ-സാംസ്കാരിക പരിപാടികളോടെയാണ് പൊലി പൊലിക എന്ന പേരിലുള്ള പുരസ്കാരദാന ചടങ്ങ് സംഘടിപ്പിക്കുന്നത്. കാവാലം സംസ്കൃതിയുടെ നേതൃത്വത്തിൽ കാവാലം ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ സൺ സ്കൂളിന്റെയും വിവിധ സാംസ്കാരിക സംഘടനകളുടെയും കൂട്ടായ്മയിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.

INDUSIND BANK LTD
Financial Restructuring & Reconstruction Group
Gowrinarayana, 1st Floor, M G Road,
Opp Jayalakshmi Silks, Cochin-682 035.

ഇ-ലേല വിൽപ്പന നോട്ടീസ്
സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 വകുപ്പ് പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ- ലേല വിൽപ്പന നോട്ടീസ്.

[illegible] ആലപ്പുഴ CJM ന്റെ MC 589/2024 [illegible] "ഇപ്പോൾ എവിടെയാണോ" "എങ്ങനെയാണോ" "എന്താണോ" എന്നതിന്റെ അടിസ്ഥാനത്തിൽ റൂൾ 8 & 9 പ്രകാരം വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

വായ്പക്കാരുടെ /ജാമ്യക്കാരുടെ പേര്	കുടിശിക	പൊസഷൻ തീയതി
1. M/s. [illegible] 28/55A [illegible] 682020. 2. [illegible] 688526. 3) [illegible] 688526.	31.07.2026ലെ കുടിശിക Rs. 2,14,44,497.53 [illegible]	15.01.2025
വസ്തുവിന്റെ വിവരണം	**കരുതൽ വില**	**ഇ.എം.ഡി തുക**
പ്രോപ്പർട്ടി നം. 1 – 10.03.2003ലെ സെയിൽ ഡീഡ് നമ്പർ 684/2003 [illegible] സർവ്വേ നമ്പർ 32/1B/1 (1.53 ആർ) & സർവ്വേ നമ്പർ 32/1B/2 (2.52 ആർ) എന്നിവയിൽ പെട്ട 4.05 ആർ [illegible] 684/2003 [illegible]	Rs. 60,02,000/- [illegible]	Rs. 6,00,200/- [illegible]
പ്രോപ്പർട്ടി നം. 2 – 25.01.2011ലെ [illegible] 235/2011 [illegible] സർവ്വേ നമ്പർ 32/10A4 (1.21 ആർ) & സർവ്വേ നമ്പർ 32/10A4/7 (2.23 ആർ) എന്നിവയിൽ പെട്ട 3.44 ആർ [illegible] 235/2011 [illegible] സർവ്വേ നമ്പർ 31/12B/2 (1.21 ആർ) &സർവ്വേ നമ്പർ 32/9 (4.45 ആർ) എന്നിവയിൽ പെട്ട 5.66 ആർ [illegible] 235/2011 [illegible]	Rs. 56,22,000/- [illegible]	Rs. 5,62,200/- [illegible]

[illegible]

ലേലത്തിന്റെ വിശദാംശങ്ങൾ
വസ്തു പരിശോധന : 01.10.2026 between ഉച്ചയ്ക്ക് 02:00 മുതൽ to 03:00 വരെ
നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി : 05.10.2026 വൈകുന്നേരം 04:00 വരെ
ഇ-ലേല തീയതി : 07.10.2026 ഉച്ചയ്ക്ക് 02:00 P.M to 03:00 വരെ (with auto extension of 5 minutes each)

കൂടുതൽ വിവരങ്ങൾക്ക് ശ്രീ. ജൂഫിൻ ജോർജ്, മൊബൈൽ നമ്പർ. 9846009461 & ശ്രീ. കമൽ മിശ്ര, മൊബൈൽ നമ്പർ. 9819820760 (അംഗീകൃത ഓഫീസർമാർ), ഇമെയിൽ: jufin.george@indusind.com ; mishra.kamal@indusind.com

[illegible] https://www.indusindbank.com. [illegible] https://www.bankeauctions.com [illegible]

ലേല ദാതാവിന്റെ പേര് : M/s. സി 1 ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്
വിലാസം : [illegible] 301, [illegible] 122015.
ബന്ധപ്പെടേണ്ട വ്യക്തി : ശ്രീ. പി. [illegible] കോൺടാക്റ്റ് നമ്പർ +91 9948182222
ഇമെയിൽ വിലാസം : support@bankeauctions.com

[illegible] 30 ദിവസത്തെ അറിയിപ്പായും ഈ നോട്ടീസ് നൽകപ്പെടും.

സ്ഥലം: കൊച്ചി, തീയതി: 31-08-2026
Sd/- അംഗീകൃത ഉദ്യോഗസ്ഥൻ, ഇൻഡസ്ഇൻഡ് ബാങ്ക് ലിമിറ്റഡ്

റെയിൽവേ ഗേറ്റ് അടച്ചിടും

മാരാരിക്കുളം: ചേർത്തല മാരാരിക്കുളം റെയിൽവേ സ്റ്റേഷനുകൾക്കിടയിലുള്ള ലെവൽ ക്രോസ് നമ്പർ 36 (ആഞ്ഞിലിപാലം ഗേറ്റ്) ഇന്ന് രാത്രി എട്ടുമുതൽ നാളെ രാവിലെ ആറുവരെ അറ്റകുറ്റപ്പണികൾക്കായി അടച്ചിടും. വാഹനങ്ങൾ തൊട്ടടുത്തുള്ള ലെവൽ ക്രോസ് നമ്പർ 37 (പതിനൊന്നാം മൈൽ ഗേറ്റ്) വഴിയോ ലെവൽ ക്രോസ് നമ്പർ 35 (വല്ലേ ഗേറ്റ്) വഴിയോ പോകണം. മാരാരിക്കുളം: ചേർത്തല മാരാരിക്കുളം റെയിൽവേ സ്റ്റേഷനുകൾക്കിടയിലുള്ള ലെവൽ ക്രോസ് നമ്പർ 43 (കണിച്ചുകുളങ്ങര ഗേറ്റ്) ഇന്ന് രാവിലെ എട്ടുമുതൽ വൈകുന്നേരം ആറുവരെ അറ്റകുറ്റപ്പണികൾക്കായി അടച്ചിടും. വാഹനങ്ങൾ തൊട്ടടുത്തുള്ള ലെവൽ ക്രോസ് നമ്പർ 44 (എസ്.എൽ.പുരം ഗേറ്റ്) വഴിയോ ലെവൽ ക്രോസ് നമ്പർ 42 (തിരുവിഴ ടെമ്പിൾ ഗേറ്റ്) വഴിയോ പോകണം.

അഭിമുഖം

ആലപ്പുഴ: ജില്ലയിലെ സ്വകാര്യ സ്ഥാപനങ്ങളിലെ വിവിധ ഒഴിവുകളിലേക്കുള്ള അഭിമുഖം സെപ്റ്റംബർ മൂന്നിന് രാവിലെ 10.30 ന് ചേർത്തല ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നടത്തും. പ്ലസ് ടു, ബിരുദം, എം.കോം. യോഗ്യതയുള്ള എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ 18 നും 45 നും ഇടയിൽ പ്രായമുള്ള ഉദ്യോഗാർഥികൾക്ക് പങ്കെടുക്കാം. ഫോൺ: 0477 2230624, 8304057735, 0478 2813038

വിദഗ്ദ്ധ സമിതി റിപ്പോർട്ട്

ആമുഖം

ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ കായംകുളം വില്ലേജിൽ കായംകുളം മാർക്കറ്റിലെ കരിപ്പുഴ തോടിനു കുറുകെയുള്ള നിലവിലെ വീതി കുറഞ്ഞ പാലം മൂലം ജനങ്ങളുടെ ദൈനംദിന വ്യവഹാരങ്ങളെ പ്രതികൂലമായി ബാധിക്കുകയും പ്രദേശത്തെ കച്ചവടക്കാരോടൊപ്പം ഉപഭോക്താക്കളും കാൽനടയാത്രക്കാരും പരിമിത സൗകര്യങ്ങളിൽ ബുദ്ധിമുട്ടുകയും ചെയ്യുന്ന സാഹചര്യത്തിലാണ് നിലവിലെ വീതികുറഞ്ഞ പാലത്തിന് പകരം 10.50 മീറ്റർ വീതിയിലും 23.60 മീറ്റർ നീളത്തിലും പാലവും അനുബന്ധ റോഡും നിർമ്മിക്കുവാൻ സർക്കാർ തീരുമാനം എടുക്കുകയും അതിനായി ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽ കായംകുളം വില്ലേജിൽപെട്ട ഏകദേശം 5 ആർ ഭൂമി ഏറ്റെടുക്കുവാൻ സർക്കാർ അനുമതി നൽകിയിരിക്കുകയും ചെയ്തിരിക്കുന്നത്.

പുതിയ പാലം നിർമ്മിച്ച് നിലവിൽ പ്രദേശത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗതാഗത തടസങ്ങൾ ഒഴിവാക്കി യാത്രക്കാരുടെ യാത്രാസമയം, ഇന്ധനച്ചിലവ് എന്നിവ കുറയ്ക്കുകയും റോഡ് യാത്രികരുടെ സുരക്ഷാ സാദ്ധ്യതകൾ മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഭൂമി ഏറ്റെടുക്കുന്നതിന് മുന്നോടിയായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്താൻ 24.08.2025 തീയതിയിൽ ആലപ്പുഴ ജില്ലാ കളക്ടർ പുറത്തിറക്കിയ വിജ്ഞാപനം നമ്പർ ബി. 2-8758/2023 പ്രകാരം രാജഗിരി ഔട്ട്റീച്ച് കളമശേരി എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയുണ്ടായി. 2026 ജനുവരി മാസം ടി സ്ഥാപനം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

വിദഗ്ദ്ധ സമിതിയിലെ ചർച്ചകളും ശുപാർശകളും

ബഹു. ആലപ്പുഴ ജില്ലാ കളക്ടറുടെ 18.07.2026 തീയതിയിലെ DCALP/8758/2023/G2 നമ്പർ നടപടിക്രമം പ്രകാരം വിദഗ്ദ്ധ സമിതി ചേർന്ന് രാജഗിരി ഔട്ട് റീച്ച് സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച റിപ്പോർട്ടിന്മേലും വിദഗ്ദ്ധ സമിതി അംഗങ്ങളുടെ അഭിപ്രായങ്ങളിന്മേലും വിശദമായ ചർച്ചകൾ നടത്തി ഉന്നയിക്കപ്പെട്ട ചോദ്യങ്ങളിന്മേലും ആശങ്കകളിന്മേലും വിഷയ സംബന്ധമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തൃപ്തികരമായ മറുപടികൾ നൽകി.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്ത പ്രധാന വിഷയങ്ങൾ താഴെ നൽകുന്നു.

- ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ബാധിക്കപ്പെടാൻ പോകുന്ന ആളുകളുടെ സ്വത്ത്, ജീവനോപാധികൾ തുടങ്ങിയവയിൽ ആളുകളുടെ ആശങ്കകൾ പരിഹരിക്കുന്നതിനും ഉചിതമായ നഷ്ടപരിഹാരം നൽകുന്നതിനും നഷ്ടപരിഹാരം കണക്കാക്കുന്ന രീതികൾ വിശദീകരിക്കുന്നതിനും വാർഡ് മെമ്പർമാർ യോഗത്തിൽ ആവശ്യമുന്നയിച്ചു.

  നഷ്ടപരിഹാരത്തെ സംബന്ധിച്ച് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഏറ്റവും ഉചിതമായ തുക തന്നെ ഓരോരുത്തർക്കും ലഭ്യമാകുമെന്നും നഷ്ടപരിഹാരത്തിന്റെ ഘടനയും സ്ഥലവില നിർണയം, സ്ട്രക്ചർ വാല്യൂ, സ്പെഷ്യൽ പാക്കേജ് തുടങ്ങി ഓരോ ഇനം തിരിച്ചു ഓരോ വിഭാഗത്തിലുള്ളവർക്കും ലഭ്യമാകുന്ന തുക കണക്കാക്കുന്ന രീതിയും ശ്രീ. സുധീഷ് ആർ. ഡെപ്യൂട്ടി കളക്ടർ (എൽ.എ) ആലപ്പുഴ യോഗത്തിൽ വിശദീകരിച്ച് നൽകി.
- നിർമ്മാണപ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിച്ച് പൂർത്തീകരിക്കണമെന്നും നഷ്ടപരിഹാരത്തുക എത്രയും പെട്ടെന്ന് നൽകണമെന്നും വാർഡ് കൗൺസിലർ ശ്രീമതി സബിന, ശ്രീ. വി. രാജേഷ് കമ്മത്ത് ആവശ്യപ്പെട്ടു.

  വസ്തുവിന്റെ മൂല്യ നിർണയം നടത്തുന്നത് സംബന്ധിച്ചും തുക അനുവദിക്കുന്ന നടപടിക്രമങ്ങൾ വിശദീകരിച്ചുകൊണ്ടും ഈ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് എത്രയും പെട്ടെന്ന് തന്നെ നഷ്ടപരിഹാരത്തുക ബാധിക്കപ്പെട്ടവർക്ക് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താമെന്ന് ശ്രീ. സുധീഷ് ആർ. ഡെപ്യൂട്ടി കളക്ടർ (എൽ.എ.) ആലപ്പുഴ അറിയിച്ചു.
- നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് എത്ര സമയമെടുക്കും എന്നും നിർമ്മാണ പ്രവർത്തനങ്ങളുമായി മുൻപോട്ട് പോകാൻ മന്ത്രി ഉൾപ്പെടെ പങ്കെടുത്ത ഒരു യോഗത്തിൽ അറിയിച്ചതും വാർഡ് കൗൺസിലർ ശ്രീ. രാജേഷ് കമ്മത്ത് യോഗത്തിൽ ചോദിച്ചു.
- SIA പഠന റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടുള്ള വിദഗ്ദ്ധ സമിതി റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ തുടർ നടപടികൾ ആരംഭിക്കും എന്ന് ശ്രീ. സുധീഷ് ആർ. ഡെപ്യൂട്ടി കളക്ടർ (എൽ.എ.) ആലപ്പുഴ അറിയിച്ചു.
- പദ്ധതി സംബന്ധിച്ച് ബാധിക്കപ്പെടുന്ന ആളുകൾക്കും തടസങ്ങളോ എതിർവാദങ്ങളോ ഇല്ലെന്നും പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിക്കണമെന്നും ആണ് ആവശ്യമെന്നും ജനപ്രതിനിധികൾ യോഗത്തിൽ അറിയിച്ചു.

വിഷയാടിസ്ഥാനത്തിലുള്ള ചർച്ചകൾക്കും മറുപടികൾക്കും ശേഷം രാജഗിരി ഔട്ട് റീച്ച് സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് അംഗീകരിക്കുന്നതിന് യോഗം ഏകകണ്ഠമായി തീരുമാനിച്ചു.

ഉപസംഹാര ശുപാർശ

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തിയതിലൂടെ ഭൂമി ഏറ്റെടുക്കുന്നതിന് നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. പ്രസ്തുത ഭൂമി ഏറ്റെടുക്കലിലൂടെ വിവിധ തരത്തിലുള്ള നഷ്ടങ്ങൾ ഉണ്ടാകുമെന്നു സാമൂഹ്യ പ്രത്യാഘാത പഠനം കണ്ടെത്തിയിട്ടുണ്ടെങ്കിലും നിർദ്ദിഷ്ട പദ്ധതി ഒരു പൊതു ആവശ്യത്തിന് ഉള്ളതായതിനാലും പദ്ധതിയുടെ വിപരീത പ്രത്യാഘാതം പ്രസ്തുത പദ്ധതി നടപ്പാക്കിയാൽ ഉണ്ടാകുന്ന നേട്ടത്തിനേക്കാൾ താരതമ്യേന ലഘുവായതിനാലും നിയമം അനുശാസിക്കുന്ന ന്യായമായ നഷ്ടപരിഹാരം ഉറപ്പ് വരുത്തുന്നതിലൂടെ ഭൂവുടമകളുടെയും ബാധിക്കപ്പെടുന്ന ആളുകളുടെയും ആഘാതം ലഘൂകരിക്കാവുന്നതാണ് എന്ന നിർദ്ദേശം പരിഗണിച്ചുകൊണ്ട് രാജഗിരി ഔട്ട് റീച്ച് സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് അംഗീകരിച്ച് ആവശ്യമായ നടപടികൾക്ക് വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു.

പ്രസ്തുത റിപ്പോർട്ട് വിദഗ്ദ്ധ സമിതി അംഗീകരിച്ച് മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടർ മുൻപാകെ സമർപ്പിക്കുന്നു.

(ഒപ്പ്)
പ്രിൻസി ജേക്കബ്
വിദഗ്ദ്ധ സമിതി ചെയർമാൻ

ആലപ്പുഴ/കായംകുളം
29.07.2026

Scanned with OKEN Scanner